1. സെക്രട്ടറി , കേരള സയൻസ്, ടെക്നോളജി ആന്റ് എൻവയോൺമെന്റ്

2. ഇ. പി. യശോധരൻ, മുൻ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്, കേരള സയൻസ്, ടെക്നോളജി ആന്റ് എൻവയോൺമെന്റ്

3. കെ.വി. ശങ്കരൻ, ഡയറക്ടർ, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

4. സി. എം. ജോയി, മുൻ രജിസ്ട്രാർ, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

വസ്തുതാ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല.

സിറ്റി കോർപ്പറേഷൻ ഓഫീസ്-വിജിലൻസ് റെയ്ഡ്

340 (318) ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന സിറ്റി കോർപ്പറേഷൻ ഓഫീസിൽ കഴിഞ്ഞ അഞ്ചുവർഷ കാലത്തിനിടയിൽ എത്ര വിജിലൻസ് റെയ്ഡുകൾ നടത്തി;

(ബി) ഈ റെയ്ഡുകളിൽ മൊത്തം ഏതൊക്കെ റാങ്കിലുള്ള എത്ര ഉദ്യോഗസ്ഥർ പങ്കെടുത്തു;

(സി) ഈ റെയ്ഡുകളിൽ ഓരോന്നിലും കണ്ടെത്തിയ ക്രമക്കേടുകൾ, അതിൽ ഉൾപ്പെട്ട കോർപ്പറേഷൻ ഉദ്യോഗസ്ഥർ എന്നിവരുടെ വിവരം വെളിപ്പെടുത്തുമോ;

(ഡി) ഓരോ റെയ്ഡിലും കണ്ടെത്തിയ ക്രമക്കേടുകളെത്തുടർന്ന് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പേരെ സസ്പെന്റ് ചെയ്യാൻ ശിപാർശ ചെയ്തിട്ടുണ്ട്; രജിസ്റ്റർ ചെയ്ത കേസുകളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് വിശദമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത ഓഫീസിൽ 17 മിന്നൽ പരിശോധനകൾ നടത്തിയിട്ടുണ്ട്.

(ബി) മിന്നൽ പരിശോധനയിൽ പങ്കെടുത്ത ഉദ്യോഗസ്ഥരുടെ റാങ്കും എണ്ണവും ചുവടെ ചേർക്കുന്നു:

സീനിയർ സൂപ്രണ്ട് -7

അസിസ്റ്റന്റ് ടൗൺ പ്ലാനർ -1

അസിസ്റ്റന്റ് എഞ്ചിനീയർ -3

എക്സിക്യൂട്ടീവ് എഞ്ചിനീയർ -1

LIBRARY ARCHIVES Kerala Legislative Assembly

ഡെപ്യൂട്ടി തഹസിൽദാർ -2

ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്-5

ഇൻസ്പെക്ടർ ഓഫ് പോലീസ്-12

അക്കൗണ്ട്സ് ഓഫീസർ -2

ഡെപ്യൂട്ടി ടൗൺ പ്ലാനർ -1

അസിസ്റ്റന്റ് എഞ്ചിനീയർ -1

ഡിവിഷണൽ അക്കൗണ്ടന്റ്-1

(സി) മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ, ഉൾപ്പെട്ട ഉദ്യോഗസ്ഥർ തുടങ്ങിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1	എസ്.സി.29/11/എസ്.ആർ.ടി. സിനിമാ പോസ്റ്ററുകൾ, ടിക്കറ്റുകൾ എന്നിവയിൽ സീൽ പതിക്കുന്നതിലെ നികുതി വെട്ടിപ്പ്.	ടി.എസ്. സുമൻ, ക്ലാർക്ക്, ഗോപാലകൃഷ്ണൻനായർ, സൂപ്രണ്ട്
2	എസ്.സി. 7/12/ ടി.വി.എം. Personal Cash Declaration Register-ൽ ക്യാഷ് രേഖപ്പെടുത്തിയിട്ടില്ല. ഹാജർ ബുക്ക് കൃത്യമായി സൂക്ഷിച്ചില്ല.	പി.അനിൽകുമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, സി.എം.ഫിറോസ്, ഹെൽത്ത് ഇൻസ്പെക്ടർ, ശിവശങ്കരൻ നായർ, ഓഫീസ് അറ്റൻഡന്റ്
3	എസ്.സി. 7/12/ ടി.വി.എം(എ) Personal Cash Declaration Register-ൽ ക്യാഷ് രേഖപ്പെടുത്തിയിട്ടില്ല. ഹാജർ ബുക്ക് കൃത്യമായി സൂക്ഷിച്ചില്ല.	എസ്.ബിനോജ്, ഹെൽത്ത് ഇൻസ്പെക്ടർ, ബി. മോഹനൻ, വർക്കർ
4	എസ്.സി. 67/13/ ടി.വി.എം അപേക്ഷകൾ നടപടി എടുക്കാതെ വയ്ക്കുക, മുൻഗണനാക്രമം തെറ്റിച്ച് നടപടി എടുക്കുക, അപേക്ഷകർ വാഹന സൗകര്യം ഏർപ്പെടുത്തിയാൽ മാത്രം സൈറ്റ് സന്ദർശിക്കുക തുടങ്ങിയവ. Personal Cash Declaration Register-ൽ രേഖപ്പെടുത്താത്ത 2250 രൂപ റവന്യൂ ഇൻസ്പെക്ടർ സുമയുടെ കൈവശം കാണപ്പെട്ടു.	സുരേന്ദ്രൻ, റവന്യൂ ഇൻസ്പെക്ടർ സുമ, റവന്യൂ ഇൻസ്പെക്ടർ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

5	എസ്.സി. 89/13/ ടി.വി.എം Personal Cash Declaration Register സൂക്ഷിച്ചില്ല	കെ .എസ്.ജയചന്ദ്രകുമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, വി.ആശ, അസിസ്റ്റന്റ് എഞ്ചിനീയർ
6	എസ്.സി. 1/14/ ഐസ്.ഐ.യു.-II കോർപ്പറേഷന്റെ കീഴിൽ നിർമ്മാണത്തിലുള്ള റോഡ് വർക്കിലെ ക്രമക്കേടുകൾ	1.ശിശുപാലൻ, അസിസ്റ്റന്റ് എഞ്ചിനീയർ 2.മോഹനൻ, അസിസ്റ്റന്റ് എഞ്ചിനീയർ 3. വിജയലക്ഷ്മി, 3rd ഗ്രേഡ് ഓവർസിയർ 4. പ്രമീള, 3rd ഗ്രേഡ് ഓവർസിയർ
7	എസ്.സി. 6/14/ എസ്.ഐ.യു-I ടെണ്ടർ ചെയ്തതിലെ ക്രമക്കേടുകൾ	കവിത ബി.എസ്, ഫസ്റ്റ് ഗ്രേഡ് ഓവർസിയർ
8	എസ്.സി. 9/14/ എസ്.ഐ.യു-I അപേക്ഷകളിൽ നടപടി സ്വീകരിക്കാത്തതും ഇംപ്രോപ്പർ ആയി റിക്കോർഡുകൾ സൂക്ഷിച്ചതും	പ്രത്യേകിച്ച് ഉത്തവാദികളൊന്നുമില്ല . മേലിൽ ഇത്തരത്തിലുള്ള ക്രമക്കേടുകൾ ഒഴിവാക്കുന്നതിന് പൊതുനിർദ്ദേശം നൽകിയിട്ടുണ്ട്.
9	എസ്.സി. 27/14/ എസ്.ഐ.യു-II കെട്ടിടനിർമ്മാണത്തിന് അനുമതി നൽകിയത്.	1. രമാകുമാർ സി.ആർ, ബിൽഡിംഗ് ഇൻസ്പെക്ടർ 2.ശശികുമാർ, ഠൗൺ പ്ലാനിംഗ് ഓഫീസർ

10	എസ്.സി. 46/14/ ടി.വി.എം കെട്ടിടനിർമ്മാണ പെർമിറ്റുകൾ നൽകുന്നതിലെ അപാകതകൾ, കെട്ടിടനികുതി കണക്കാക്കുന്നതിലെ ക്രമക്കേടുകൾ	കെ.എസ്. ജയചന്ദ്രകുമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അൻസാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
11	എസ്.സി. 8/15/എസ്.ഐ.യു-II തിരുവനന്തപുരം കോർപ്പറേഷന്റെ ഫോർട്ട് സോണൽ ഓഫീസിൽ അധികാര ദുർവിനിയോഗം നടത്തി കെ.എം.ബി.ആർ മാനദണ്ഡങ്ങൾ നിഷ്കർഷിക്കാതെ നിയമ വിരുദ്ധമായി കെട്ടിടങ്ങൾക്ക് ഇളവുകൾ ചെയ്തു കൊടുത്തോയെന്ന് കണ്ടെത്തേണ്ടതിനാൽ ഒരു സത്വരാന്വേഷണം ഇതുസംബന്ധിച്ച് നടന്നു (കൃ.വി. 23/15/എസ്.ഐ.യു-II)	സത്വരാന്വേഷണം പൂർത്തിയായാൽ മാത്രമെ ക്രമക്കേടുകൾക്ക് ഉത്തരവാദികൾ ആരെന്ന് കണ്ടെത്തുവാൻ കഴിയുകയുള്ളൂ.
12	എസ്.സി. 11/15/ ടി.വി.എം മിന്നൽ പരിശോധനാ സംഘം ആവശ്യപ്പെട്ട ഫയലുകൾ നൽകിയില്ല.	പവിത്രൻ,സൂപ്രണ്ട്, സൈമൺ,ഓഫീസ് അറ്റൻഡന്റ്

മറ്റ് അഞ്ച് മിന്നൽ പരിശോധനകളിൽ ക്രമക്കേടുകളൊന്നും കണ്ടെത്തിയില്ല.

(ഡി) ആർക്കെതിരെയും കേസ്സുകൾ രജിസ്റ്റർ ചെയ്യുകയോ സസ്പെന്റ് ചെയ്യാൻ ശിപാർശ ചെയ്യുകയോ ചെയ്തിട്ടില്ല.

വാണിജ്യനികുതി, ആർ.ടി.ഒ, എക്സൈസ് ചെക്ക് പോസ്റ്റുകളിലെ വിജിലൻസ് റെയ്ഡ്

341 (319) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യ നികുതി, ആർ.ടി.ഒ., എക്സൈസ് ചെക്ക് പോസ്റ്റുകളിൽ, ഈ സർക്കാരിന്റെ കാലത്ത് വിജിലൻസ് എത്ര തവണ റെയ്ഡ് നടത്തുകയുണ്ടായിട്ടുണ്ട്;

(ബി) റെയ്ഡുകളിൽ ക്രമക്കേടുകൾക്കുത്തരവാദികളായി ഏതെല്ലാം തസ്തികയിൽപ്പെട്ട എത്ര പേരെയാണ് കണ്ടെത്തിയത്;

LIBRARY ARCHIVES Kerala Legislative Assembly